6

ആഗസ്റ്റ് 2020
വ്യാഴം
1195 കർക്കടകം 22 1441 ദുൽ ഹജ്ജ് 16

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 27 •ലക്കം 138 •പേജ് 4 •വില: 5 രൂപ

30 years of Excellence
advent
MARBLES & SANITARY WARE
E-mail: adventmarbles@gmail.com www.adventmarbles.in
N.H. ROAD, THALIPADUPPU, KASARAGOD. Ph: 04994-221633

കേരളം വെള്ളപ്പൊക്ക ഭീഷണിയിൽ

ഉപ്പള മുസോടി കടപ്പുറത്ത് രൂക്ഷമായ കടലാക്രമണം

▪തലക്കാവേരിയിൽ മണ്ണിടിഞ്ഞ് വീണു 4 പേരെ കാണാതായി
▪വയനാട്ടിലും കോഴിക്കോട്ടും റെഡ് അലർട്ട്
▪നിലമ്പൂരിൽ നദികൾ കരകവിഞ്ഞു
▪തിരുവനന്തപുരത്ത് മരം വീണു കെ എസ് ഇ ബി ജീവനക്കാരൻ മരിച്ചു
▪കൊല്ലത്തും ചാലക്കുടിയിലും ചുഴലിക്കാറ്റ്; വൻ നാശനഷ്ടം.

കോഴിക്കോട്: കേരളത്തിൽ വെള്ളപ്പൊക്കത്തിനു സാധ്യതയുണ്ടെന്നു ദേശീയ ജല അതോറിറ്റി മുന്നറിയിപ്പു നൽകി. ഇതേതുടർന്ന് സംസ്ഥാനത്ത് അതീവ ജാഗ്രതയ്ക്കു നിർദ്ദേശം നൽകി. കനത്ത മഴ തുടരുന്ന വയനാട്, കോഴിക്കോട് ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചു. ജില്ലയുടെ താഴ്ന്ന ഭാഗങ്ങളിലെല്ലാം വെള്ളം കയറി. കക്കയം ഡാമിൽ ജലനിരപ്പു യർന്നു. ഉച്ചകഴിഞ്ഞ് ഡാമിന്റെ ഷട്ടർ തുറന്നു വിടാൻ സാധ്യത ഉണ്ടെന്നും ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും അധികൃതർ വ്യക്തമാക്കി. ഇരു ജില്ലകളിലും നിരവധി ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചു. കേരള അതിർത്തിക്കു സമീപത്തെ തലക്കാവേരിയിൽ മണ്ണിടിഞ്ഞു വീണു നാലു പേരെ കാണാതായി. രണ്ടു വീടുകൾ പൂർണ്ണമായും മണ്ണിനടിയിലാണ്.കഴിഞ്ഞ വർഷം കനത്ത പ്രളയം ഉണ്ടായിരുന്ന മലപ്പുറം, നിലമ്പൂരിലും നദികളിൽ ജല നിരപ്പ് ഉയർന്നു. താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലാണ്. ചാലക്കുടിയിൽ ചുഴലിക്കാറ്റ് വൻ നാശം വിതച്ചു. കൊല്ലം ജില്ലയിൽ ശക്തമായ കാറ്റും മഴയും തുടരുന്നു. കാർഷിക-വൈദ്യുത മേഖലകളിൽ വൻ നാശനഷ്ടം ഉണ്ടായി. തിരുവനന്തപുരം, നെടുമങ്ങാട്ട് ജോലിക്കിടയിൽ മരം കടപുഴകി വീണു വൈദ്യുതി വകുപ്പ് ജീവനക്കാരനായ അജയൻ മരിച്ചു.കാസർകോട് ചന്ദ്രഗിരി പ്പുഴയിൽ ജലനിരപ്പ് ഉയർന്നു. കർണ്ണാടക- കേരള അതിർത്തി പ്രദേശങ്ങളിൽ തുടരുന്ന കനത്ത മഴയാണ് ഇതിനു കാരണമെന്നു പറയുന്നു.

കാലവർഷത്തോടൊപ്പം കടലാക്രമണവും; പരക്കെ നാശം

മഞ്ചേശ്വരം: കാലവർഷത്തോടൊപ്പം കടലാക്രമണവും രൂക്ഷമാവുന്നു.

ഉപ്പള മുസോടി കടപ്പുറത്തു അമ്പതു മീറ്ററോളം കര കടലെടുത്തു. അഞ്ചു കുടുംബങ്ങളെ ഇവിടെ നിന്നു മാറ്റി പ്പാർപ്പിച്ചു. കൃഷിയും നശിച്ചു.

കടപ്പുറത്തെ ഖദീജുമ്മ, നഫീസ, തസ്ലീമ, മറിയമ്മ, ആസ്യുമ്മ എന്നിവരുടെ വീടുകളിൽ വെള്ളം കയറിക്കൊണ്ടിരിക്കുന്നു.

ശാരദാനഗറിലെ ശകുന്തള സാലിയാൻ, സുനന്ദ എന്നിവരുടെ വീടുകളും അപകട ഭീഷണിയിലാണ്. മണിമുണ്ട, ഹനുമാൻനഗർ എന്നിവിടങ്ങളിലും കടലാക്രമണം അനുഭവപ്പെട്ടു.

ബായാർ ധർമ്മത്തടുക്ക സജിങ്കില റോഡിലെ ഗുംഭെയിൽ കുന്നിടിഞ്ഞു സമീപത്തെ വീടിന്റെ മതിലിടിഞ്ഞു. ജയരാമ നായിക്കിന്റെ വീട്ടുമതിലാണ് തകർന്നത്. മണ്ണിടിച്ചിൽ ഇനിയുമുണ്ടായാൽ വീടിനു ഭീഷണിയുണ്ടാവുമെന്നു പറയുന്നു. മണ്ണിടിച്ചിലിനെത്തുടർന്നുണ്ടായ ഗതാഗത തടസ്സം നാട്ടുകാർ നീക്കം ചെയ്തു.

ഉദുമ,കളനാട് അരമങ്ങാനത്തെ നാരായണിയുടെ ഓടിട്ട വീടിനു മുകളിൽ തെങ്ങു വീണു കേടുപാടു സംഭവിച്ചു. ചാത്തങ്കൈ കുന്നരിയത്തെ മുഹമ്മദ് കുഞ്ഞിയുടെ വീടിനു മുകളിലും തെങ്ങു വീണു ഭാഗികമായി നാശം നേരിട്ടു.

വിദ്യാനഗർ പൊലീസ് സ്റ്റേഷനു മുന്നിൽ നിന്ന മരം ഇന്നലെയുണ്ടായ കാറ്റിൽ കടപുഴകി വീണു. അവിടെ നിറുത്തിയിരുന്ന രണ്ടു വാഹനങ്ങൾക്കു കേടുപാടു സംഭവിച്ചു.കാസർകോട് എ.ആർ ക്യാമ്പിനടുത്തെ 11 കെ.വി ഹൈടെൻഷൻ ലൈനിൽ കടപുഴകി വീണ മരം തങ്ങി നിന്നതു വലിയ ആശങ്കപരത്തിയിരുന്നു. ഫയർഫോഴ്സും പൊലീസും ചേർന്നു മരം മുറിച്ചു മാറ്റി അപകടം ഒഴിവാക്കി.

സ്വർണ്ണ കള്ളക്കടത്ത്

സ്വപ്നയ്ക്ക് മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധമെന്ന് എൻ ഐ എ

കൊച്ചി: നയതന്ത്ര ബാഗുവഴി കോടികളുടെ സ്വർണ്ണക്കടത്തു നടത്തിയ കേസിലെ മുഖ്യ പ്രതികളിൽ ഒരാളായ സ്വപ്ന സുരേഷിനു സംസ്ഥാന മുഖ്യമന്ത്രിയുമായി പരിചയവും ഓഫീസുമായി അടുത്ത ബന്ധവും ഉണ്ടായിരുന്നതായി ദേശീയ അന്വേഷണ ഏജൻസിയായ എൻ ഐ എ.സ്വപ്ന സുരേഷ് പ്രത്യേക കോടതിയിൽ നൽകിയ ജാമ്യഹർജിയെ എതിർത്തു കൊണ്ട് അസി. സോളിസ്റ്റർ ജനറൽ നൽകിയ മറുവാദത്തിലാണ് എൻ ഐ എ നിലപാട് വ്യക്തമാക്കിയത്. റിപ്പോർട്ടിലെ വിശദാംശങ്ങൾ ഇങ്ങനെ-" കള്ളക്കടത്തു കേസിലെ മുഖ്യപ്രതി സ്വപ്നസുരേഷിനു മുഖ്യമന്ത്രി പിണറായി വിജയനുമായി പരിചയവും അദ്ദേഹത്തിന്റെ ഓഫീസുമായി അടുത്ത ബന്ധവും ഉണ്ട്. ഇതു സംബന്ധിച്ച മൊഴി സ്വപ്ന സുരേഷ് നൽകിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി എം ശിവശങ്കറുമായും സ്വപ്നയ്ക്ക് അടുത്ത ബന്ധമാണുള്ളത്. സ്വർണ്ണക്കള്ളക്കടത്ത് ഗൂഢാലോചനകളിലെല്ലാം സ്വപ്ന പങ്കാളിയായി. സ്വപ്നയ്ക്ക് സ്പേസ് പാർക്കിൽ ജോലി വാഗ്ദാനം ചെയ്തത് ശിവശങ്കറാണ്. ശിവശങ്കറിൽ നിന്നു സ്വപ്ന നിയമോപദേശങ്ങൾ തേടിയിരുന്നു. കള്ളക്കടത്തു സ്വർണ്ണം വിട്ടുകിട്ടാൻ സ്വപ്ന ശിവശങ്കറിനോട് ഫ്ളാറ്റിലെത്തി ആവശ്യപ്പെട്ടിരുന്നുവെങ്കിലും അദ്ദേഹം സമ്മതിച്ചിരുന്നില്ല. കോൺസുലേറ്റിലെ കാര്യങ്ങൾ തീരുമാനിച്ചിരുന്നത് സ്വപ്നയായിരുന്നു"

എൻ ഐ എയുടെ പുതിയ റിപ്പോർട്ടോടെ മുഖ്യമന്ത്രിയുടെരാജി അനിവാര്യമായിരിക്കുകയാണെന്നു ബി ജെ പി സംസ്ഥാന പ്രസിഡണ്ട് കെ സുരേന്ദ്രനും കോൺഗ്രസ് നേതാവ് പി സി വിഷ്ണുനാഥും ആവശ്യപ്പെട്ടു.

കോവിഡ്: സംസ്ഥാനത്ത് ഒരു മരണം കൂടി; കർശന നടപടിക്ക് ഡിജിപിയുടെ നിർദ്ദേശം

തിരു: സംസ്ഥാനത്ത് കോവിഡ് ബാധിച്ച് ഒരാൾ കൂടി മരിച്ചു.തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന കരകുളം സ്വദേശി ദാസൻ (72)ആണ് മരിച്ചത്. വൃക്ക സംബന്ധമായ അസുഖത്തിനു ചികിത്സയിലായിരുന്നു. കോവിഡ് വ്യാപിക്കാനുള്ള സാധ്യത കണക്കിലെടുത്ത് കർശന നടപടിയെടുക്കാൻ സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ നിർദ്ദേശം നൽകി.വലിയ സൂപ്പർമാർക്കറ്റുകളിൽ 12 പേരെയും സാധാരണ സൂപ്പർമാർക്കറ്റുകളിൽ പരമാവധി ആറുപേരെയും മാത്രമേ പ്രവേശിപ്പിക്കാൻ പാടുള്ളുവെന്നും ഡിജിപി ഉത്തരവിൽ പറഞ്ഞു.ബാങ്കുകളിൽ ആൾക്കാർ കൂട്ടം കൂടാതിരിക്കാനുള്ള മുൻകരുതൽ സ്വീകരിക്കണമെന്നും ഉത്തരവ് കർശനമായി നടപ്പിലാക്കാൻ ഐജിമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതായും ഡിജിപി പറഞ്ഞു.ഇതിനിടയിൽ രാജ്യത്ത് കഴിഞ്ഞ 24 മണിക്കൂറിനുള്ളിൽ 904 പേർ കൂടി മരിച്ചു. 56,282 പേർക്കു കൂടി രോഗബാധ സ്ഥിരീകരിച്ചു.

കോവിഡ് ആശുപത്രിക്ക് തീപിടിച്ച് 8 രോഗികൾ മരിച്ചു

അഹമ്മദാബാദ്: അഹമ്മദാബാദിൽ കോവിഡ് ആശുപത്രിക്കു തീപിടിച്ച് എട്ടു രോഗികൾ മരിച്ചു. ഇന്നു പുലർച്ചെയാണ് അപകടം. ഉയർന്ന തുക വാങ്ങി ചികിത്സ നൽകുന്ന സ്വകാര്യ ആശുപത്രിയാണിത്. ഐ.സി.യുവിൽ കഴിയുന്ന രോഗികളാണ് മരിച്ചത്. 40 പേരെ രക്ഷപ്പെടുത്തി.

റിട്ട.എ.എസ്.ഐ. കരുണാകരൻ അന്തരിച്ചു

നീലേശ്വരം: റിട്ട. എ എസ് ഐ ചോയ്യംങ്കോട് കൂവാറ്റി ആനക്കല്ലിലെ പി കരുണാകരൻ (65) അന്തരിച്ചു. നീലേശ്വരം, ചിറ്റാരിക്കാൽ ,ആദൂർ ,കാഞ്ഞങ്ങാട് തുടങ്ങി ജില്ലയിലെ വിവിധ പൊലീസ് സ്റ്റേഷനിൽ ജോലി ചെയ്തിരുന്നു. കാസർകോട് ട്രാഫിക്കിൽ നിന്നാണ് വിരമിച്ചത്.ഭാര്യ: കെ.ടി ലീല. മക്കൾ: രതി, രാജീവൻ, രൂപേഷ്. മരുമക്കൾ: ശശിധരൻ കൊടക്കാട്, സൗമ്യ, അനീഷ. സഹോദരങ്ങൾ: കുഞ്ഞിക്കണ്ണൻ, ഗംഗാധരൻ, നാരായണി, കാർത്യായനി.

സ്വർണ്ണം പവന് 41,320 രൂപ

കാസർകോട്: ഒരു പവൻ സ്വർണ്ണത്തിന്റെ വില 41,320 രൂപയായി. ഗ്രാംവില 5,165 രൂപയാണ്. പവന് 120 രൂപയുടെ വർധനവാണ് ഉണ്ടായത്.ഇന്നലെ രണ്ടു തവണയാണ് സ്വർണ്ണ വിലയിൽ വർധനവ് ഉണ്ടായത്. രാവിലെ 40,800 രൂപയായിരുന്നു പവൻ വില. പിന്നീട് 41,200 രൂപയായി ഉയരുകയായിരുന്നു.

വീട്ടിൽ ഐസ്ക്രീം ഉണ്ടാക്കി കഴിച്ച വിദ്യാർത്ഥിനി മരിച്ചു; അച്ഛന് ഗുരുതരം

കാഞ്ഞങ്ങാട്: വീട്ടിൽ ഉണ്ടാക്കി കഴിച്ച ഐസ്ക്രീമിൽ നിന്നുണ്ടായ ഭക്ഷ്യ വിഷബാധയും മഞ്ഞപ്പിത്തവും കാരണം വിദ്യാർത്ഥിനി മരിച്ചു. പിതാവിനെ കരളിന് ഗുരുതരമായി തകരാർ സംഭവിച്ച നിലയിൽ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വെള്ളരിക്കുണ്ട് പൊലീസ് സ്റ്റേഷൻ പരിധിയിലെ ബളാൽ, അരിങ്കല്ലിലെ ഓലിക്കൽ ബെന്നി-ബെസി ദമ്പതികളുടെ മകൾ ആൻ മേരി (16)യാണ് കോഴിക്കോട്ടെ ആശുപത്രിയിൽ മരിച്ചത്. സംഭവത്തെ കുറിച്ച് അധികൃതരും ബന്ധുക്കളും പറയുന്നത് ഇങ്ങനെ "വെള്ളരിക്കുണ്ട് സെന്റ് ജൂഡ്സ്ഹിയർ സെക്കണ്ടറി സ്കൂളിൽ നിന്ന് പത്താംതരം പരീക്ഷ പാസായി പ്ലസ് വൺ പഠനത്തിനുള്ള തയ്യാറെടുപ്പിലായിരുന്നു ആൻമേരി. ഇതിനിടയിൽ ഏതാനും ദിവസം മുമ്പ് ബെന്നിയും കുടുംബവും വിട്ടിൽ വെച്ച് ഐസ്ക്രീം ഉണ്ടാക്കുകയും കഴിക്കുകയും ചെയ്തു. അന്നു തന്നെ ആൻമേരിക്ക് ഛർദ്ദി അനുഭവപ്പെടുകയും വെള്ളരിക്കുണ്ട് ആശുപത്രിയിൽ ചികിത്സ തേടുകയും ചെയ്തു. ഗ്ലൂക്കോസ് നൽകിയ ശേഷം തിരിച്ചയച്ചു വെങ്കിലും പിന്നീട് വീണ്ടും ഛർദ്ദി ഉണ്ടായി. ഇതിനിടയിൽ ബെന്നിക്കും ഛർദ്ദി ഉണ്ടായി. വീണ്ടും ആശുപത്രിയിലെത്തി ചികിത്സ നൽകി. രണ്ടു ദിവസം മുമ്പ് ഇരുവർക്കും ഛർദ്ദി ഉണ്ടായി. പയ്യന്നൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ച് നടത്തിയ പരിശോധനയിൽ മഞ്ഞപ്പിത്തം സ്ഥിരീകരിച്ചു.

ഇതിനു ഇടയാക്കിയത് ഭക്ഷ്യ വിഷബാധയാണെന്നും കണ്ടെത്തി. തുടർന്ന് കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലേയ്ക്ക് മാറ്റിയെങ്കിലും ആൻമേരിയെ രക്ഷിക്കാനായില്ല. ബെന്നിയുടെ കരളിന് ഗുരുതരമായി ക്ഷതം ഉണ്ടെന്നും വിദഗ്ദ്ധ ചികിത്സ വേണമെന്നുമാണ് ഡോക്ടർമാർ നിർദ്ദേശിച്ചിട്ടുള്ളത്." അൽവിൻ, വിപിൻ (സെമിനാരി വിദ്യാർത്ഥിനി വയനാട്) എന്നിവർ ആൻമേരിയുടെ സഹോദരങ്ങളാണ്.

പോക്സോ കേസ് പ്രതിയുടെ മരണം

പൊലീസിന് വീഴ്ച്ചയെന്ന് റിപ്പോർട്ട്; മജിസ്ട്രേറ്റ് തല അന്വേഷണം തുടങ്ങി

കാസർകോട്: പോക്സോ കേസിൽ പ്രതിയായ യുവാവ് തെളിവെടുപ്പിനിടയിൽ കടലിൽ ചാടി മരിച്ച സംഭവത്തിൽ പൊലീസിന് വീഴ്ച്ച ഉണ്ടായതായി റിപ്പോർട്ട്. ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയ ഡിവൈ എസ് പിയാണ് റിപ്പോർട്ട് ജില്ലാ പൊലീസ് ചീഫിന് സമർപ്പിച്ചത്.

പോക്സോ കേസിൽ പ്രതിയായ കുഡ്ലു, കാളിയങ്ങാട്ടെ മഹേഷിന്റെ (28) അറസ്റ്റ് രേഖപ്പെടുത്തിയിരുന്നെന്നും കോവിഡ് കാലത്ത് പ്രതിയെ അർധരാത്രിയിൽ വീട്ടിൽ ചെന്ന് അറസ്റ്റ് ചെയ്യേണ്ടിയിരുന്ന സാഹചര്യം ഉണ്ടായിരുന്നില്ലെന്നും റിപ്പോർട്ടിൽ ഉള്ളായതായാണ് വിവരം.

അതേസമയം പോക്സോ കേസിൽ പ്രതിയായ യുവാവ് പൊലീസ് കസ്റ്റഡിയിലിരിക്കെ മരണപ്പെട്ട സംഭവത്തിൽ മജിസ്ട്രേറ്റ് തല അന്വേഷണം ആരംഭിച്ചു. കഴിഞ്ഞ മാസം 22ന് രാവിലെയാണ് പോക്സോ കേസിലെ പ്രതിയായ മഹേഷ് തെളിവെടുപ്പിനിടയിൽ കസബ കടപ്പുറത്ത് കടലിൽ ചാടിയത്. അതിനു ശേഷം ദിവസങ്ങളോളം വിവിധ സംഘങ്ങൾ തെരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താനായിരുന്നില്ല. ഇന്നലെ രാവിലെ കർണ്ണാടക, ഉഡുപ്പിക്കടുത്തെ കോട്ട പൊലീസ് സ്റ്റേഷൻ പരിധിയിലെ മണ്ണൂർ ബീച്ചിലാണ് മൃതദേഹം കരയ്ക്കടിഞ്ഞത്. ഡിവൈ എസ് പി പി ഹസൈനാർ, ഇൻസ്പെക്ടർ പി രാജേഷ്, എസ് ഐ ഷേഖ് അബ്ദുൾ റഹ്മാൻ, മരിച്ച മഹേഷിന്റെ ബന്ധു ശേഖര, സുഹൃത്ത് എന്നിവർ സ്ഥലത്തെത്തിയാണ് മൃതദേഹം തിരിച്ചറിഞ്ഞത്. ഇൻക്വസ്റ്റിന് ശേഷം മൃതദേഹം വിദഗ്ദ്ധ പോസ്റ്റുമോർട്ടത്തിനായി പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി. വിദഗ്ദ്ധ ഡോക്ടർമാരും പൊലീസ് സർജനും ഉൾപ്പെടെയുള്ള മൂന്നംഗ ഡോക്ടേർസ് പാനലാണ് പോസ്റ്റുമോർട്ടം നടത്തിയത്. പോസ്റ്റുമോർട്ടത്തിന്റെ മുഴുവൻ ഭാഗവും വീഡിയോയിൽ ചിത്രീകരിച്ചു. കസ്റ്റഡി മരണമായതിനാലാണിത്. പോസ്റ്റുമോർട്ടത്തിന് ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടു കൊടുക്കുമെന്ന് പൊലീസ് പറഞ്ഞു. ബാബു-സുശീല ദമ്പതികളുടെ മകനാണ് മഹേഷ്. സഹോദരങ്ങൾ: ഹരിണി, ചന്ദ്രാവതി, അശോക, മോനിഷ.

അന്തുക്ക

ജില്ലയിൽ അക്ഷയ കേന്ദ്രം തട്ടിപ്പുകളും; ബദിയഡുക്ക ടൗണിൽ മാത്രം എട്ട് സമാന്തര അക്ഷയകേന്ദ്രങ്ങൾ

ബദിയഡുക്ക: ജില്ലയിൽ അക്ഷയ കേന്ദ്രങ്ങളുടെ പേരിലും തട്ടിപ്പു പെരുകുന്നു.

'0' വട്ടം പോലത്തെ ബദിയഡുക്ക ടൗണിൽ മാത്രം എട്ട് സമാന്തര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ മൂന്നെണ്ണം പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിലെ വാടക മുറികളിലാണെന്നു നാട്ടുകാർ ചൂണ്ടിക്കാട്ടുന്നു.

ഓൺലൈൻ, കമ്പ്യൂട്ടർ, ഫോട്ടോസ്റ്റാറ്റ് കേന്ദ്രങ്ങളായാണ് ഇവ പ്രവർത്തിക്കുന്നതെന്നു പറയുന്നെങ്കിലും അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളാണ് ഇവിടങ്ങളിൽ ചെയ്യുന്നതെന്നു പറയുന്നു. പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലുള്ള സ്ഥാപനങ്ങൾ വഴി പഞ്ചായത്ത് ഓഫീസിലേക്കും മറ്റു സർക്കാർ ഓഫീസുകളിലേക്കും അയക്കുന്ന അപേക്ഷകൾക്ക് അപ്പോൾത്തന്നെ ആനുകൂല്യങ്ങളും സർട്ടിഫിക്കറ്റുകളും ലഭിക്കുമെന്ന പ്രചരണം ഇവക്കു മെച്ചപ്പെട്ട ബിസിനസ്സ് ഉറപ്പാക്കുന്നുണ്ടെന്നും സംസാരമുണ്ട്. എന്നാൽ ഓരോ സേവനത്തിനും അക്ഷയകേന്ദ്രം നിർദ്ദേശിച്ചിട്ടുള്ളതിന്റെ പതിന്മടങ്ങു ഫീസ് ഈടാക്കുന്നുണ്ടെന്നും അതിന് രസീത് ആവശ്യപ്പെടുന്നവർക്കു പകുതി പൈസയുടെ കണക്കു പോലും ചേർക്കാതെയാണ് രസീതു നൽകുന്നതെന്നും പരാതിയുണ്ട്. ബാക്കി പൈസയുടെ കാര്യം അന്വേഷിക്കുന്നവരോടു സർട്ടിഫിക്കറ്റും ആനുകൂല്യവും മറ്റും എളുപ്പത്തിൽ കിട്ടുന്നതിനുള്ള ചെലവാണെന്നു പറഞ്ഞു സമാധാനിപ്പിക്കുകയാണെന്നു പതിവെന്നും സംസാരമുണ്ട്. പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിലെയും അതിനു മുമ്പിലെയും സമാന്തര അക്ഷയ കേന്ദ്രങ്ങൾ പഞ്ചായത്തിലെ ചില ഭരണകക്ഷി നേതാക്കളുടെ ബിനാമി സ്ഥാപനങ്ങളാണെന്നു പറയുന്നു. രാഷ്ട്രീയത്തിന്റെയും, എളുപ്പത്തിൽ സർട്ടിഫിക്കറ്റ് തരപ്പെടുത്തിക്കൊടുക്കുമെന്ന പ്രചരണത്തിന്റെയും പിൻബലത്തിലാണ് ഇവർ ഇടപാടുകാരെ ആകർഷിക്കുന്നതെന്നും ആരോപണമുണ്ട്.

ഇതിന്റെ പശ്ചാത്തലത്തിൽ മറ്റു രാഷ്ട്രീയ പാർട്ടികളും സമാന്തര അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നു. സർക്കാർ അംഗീകരിച്ച അക്ഷയകേന്ദ്രങ്ങളിലേ ഇ ഡി സ്ട്രിക്ട് പ്രോഗ്രാമുകൾ ചെയ്യാവൂ എന്നു കർശന നിയമമുണ്ടെങ്കിലും ബദിയഡുക്ക



കമ്പ്യൂട്ടർ സെന്ററുകൾക്ക് മുന്നിൽ പ്രദർശിപ്പിച്ച ബോർഡ്

യിലെ സമാന്തര സ്ഥാപനങ്ങൾ അതും ചെയ്യുന്നു. മാത്രമല്ല, അവരുടെ സേവനങ്ങൾ പ്രദർശിപ്പിച്ചുകൊണ്ടുള്ള ബോഡുകളിൽ അതു വ്യക്തമായി പ്രദർശിപ്പിക്കുന്നുമുണ്ട്.വ്യക്തികളുടെ പരമപ്രധാന വിവരങ്ങളും രേഖകളും കൈകാര്യം ചെയ്യുന്ന ഇ.ഡി സ്ട്രിക്ട് പ്രോഗ്രാമിനു അതീവ സുരക്ഷിതമായ പാസ്വേർഡുണ്ട്. അതു അംഗീകൃത അക്ഷയകേന്ദ്രങ്ങൾ മാത്രമേ ഉപയോഗിക്കാവൂ എന്ന വ്യവസ്ഥയും ഇവർ ലംഘിക്കുന്നു.

സാധാരണ ചെറിയൊരു ടൗണിൽ ഒന്നോ ഏറിയാൽ രണ്ടോ അക്ഷയ കേന്ദ്രങ്ങൾക്കേ അനുമതി നൽകാറുള്ളൂ. എന്നാൽ ഔദ്യോഗിക അക്ഷയ കേന്ദ്രത്തിനു ബദിയഡുക്ക പഞ്ചായത്ത് അനുമതി നൽകുന്നില്ലെന്നതാണ് വിചിത്രമായ വസ്തുത. ഇതു സംബന്ധിച്ച് അക്ഷയ കേന്ദ്രം ജില്ലാ അധികൃതർക്കും ജില്ലാ കളക്ടർക്കും സംസ്ഥാന സർക്കാരിനും ഹൈക്കോടതിയിലും പരാതികളും കേസും ഉണ്ടായിട്ടും ബദിയഡുക്കയിൽ സർക്കാരോ അധികൃതരോ ഔദ്യോഗിക അക്ഷയകേന്ദ്രം അനുവദിക്കുന്നതിന് ഇപ്പോഴും തടസ്സം നിൽക്കുന്നതിനു പിന്നിലെ ദുരൂഹത തുടരുകയാണ്.

പ്രമാദമായ വ്യാജ പാസ്പോർട്ട് തട്ടിപ്പു കേസിൽ ബദിയഡുക്കയിലെ ചില സ്ഥാപനങ്ങളുടെ പങ്കും നേരത്തെ കണ്ടുപിടിച്ചിരുന്നു. ആ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടവരും ഓൺലൈന്റെ മറവിൽ ഇപ്പോൾ സമാന്തര അക്ഷയകേന്ദ്രങ്ങൾക്കു പിന്നിലുണ്ടെന്നു സംസാരമുണ്ട്.